എൻ. ആർ. ഇ. പി. വർക്കുകൾക്ക് പി. ഡബ്ല്യു. ഡി. റേറ്റനുസരിച്ചുള്ള എസ്റ്റിമേറ്റ്

898 [1654] ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീമതി കെ. ആർ. സരസ്വതി അമ്മ:
,, എം. കമലം: താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബ്ലോക്കുകൾ മുഖാന്തിരം നടത്തുന്ന എൻ. ആർ. ഇ. പി. വർക്കുകൾക്ക് പി. ഡബ്ല്യു. ഡി. റേറ്റനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

പെരുംകടവിള പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

899 [1655] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുംകടവിള ബ്ലോക്കിൽപ്പെടുന്ന പെരുംകടവിള പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ട്;

(ബി) ആ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ വകുപ്പിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയോഗം എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അദ്ധ്യക്ഷതയിൽകൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) ഭൂമിശാസ്ത്രപരമായ കാരണങ്ങൾകൊണ്ട് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും ഒന്നായി ഒരു പദ്ധതി നടപ്പിലാക്കാൻ പ്രയാസമുള്ള പെരുമ്പഴതൂർ പഞ്ചായത്തിന്റെ മരുതൂർ വാർഡുകളിലേക്ക് പെരുംകടവിള ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ജലം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പെരുംകടവിള പഞ്ചായത്തിലെ മാരായമുട്ടം ശുദ്ധജല വിതരണ പദ്ധതിയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ജലവിതരണക്കുഴലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ടാങ്കുകെട്ടുന്നതിനും കിണർ കുഴിക്കുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

(ബി) സ്വീകരിച്ചുവരുന്നു.

(സി) എക്സിക്യൂട്ടീവ് എഞ്ചിനീയർ പലപ്രാവശ്യം നേരിട്ട് പഞ്ചായത്തധികൃതരുമായി ബന്ധപ്പെട്ടിട്ടും ഇതേവരെ സ്ഥലം ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മരുതൂർ വാർഡുകളിൽ ജലം നൽകുന്നതിനുള്ള സാങ്കേതിക സാദ്ധ്യതയെപ്പറ്റി വിശദമായി അന്വേഷിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ചു മാത്രമേ പരിഗണിക്കാനാവൂ.

ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ പദ്ധതി

900 [1656] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുംകടവിള ബ്ലോക്കിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) കള്ളിക്കാട് പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി എപ്പോഴാണ് തയ്യാറായത്;

(സി) അതു നടപ്പിലാക്കാൻ കാലതാമസം ഉണ്ടാകുന്നതെന്ത്;

(ഡി) കള്ളിക്കാട് ശുദ്ധജലവിതരണ പദ്ധതി ഉടൻതന്നെ നടപ്പാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ;

(ഇ) ശുദ്ധജലം ലഭിക്കാൻ വളരെയധികം പ്രയാസമുള്ള മലയോര പ്രദേശങ്ങളായ ആര്യൻകോട്, അംപൂരി പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ;

(എഫ്) ഈ രണ്ടു പദ്ധതികളും 1982–83-ലെ ബഡ്ജറിൽ ഉൾക്കൊള്ളിക്കാൻ നിർദ്ദേശം നൽകുമോ;

(ജി) വെള്ളറട പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി പരാജയപ്പെട്ടിരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുമോ;

(എച്ച്) വെള്ളറട പഞ്ചായത്തിൽ മുഴുവൻ ഭാഗത്തേക്കുംവേണ്ടി ബൃഹത്തായ ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വെള്ളറട, കൊല്ലയിൽ, പെരുംകടവിള, ഒറശേഖരമംഗലം എന്നീ പഞ്ചായത്തുകളിൽ ഭാഗികമായിട്ട് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 7.63 ലക്ഷം രൂപ അടങ്കൽ ഉള്ള കള്ളിക്കാട് ശുദ്ധജല വിതരണ പദ്ധതിക്ക് 24–10–1980-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കള്ളിക്കാട് ശുദ്ധജല വിതരണ പദ്ധതി എൽ. ഐ. സി. യുടെ ധനസഹായത്തിനുവേണ്ടി സമർപ്പിച്ചിരുന്നതാണ്. ഇപ്പോൾ എൽ.ഐ.സി. യിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പണികൾക്ക് ഇനി കാലതാമസം ഉണ്ടാവുകയില്ല.

(ഡി) നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു.

(ഇ) ആര്യൻകോട് പഞ്ചായത്തിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭ അന്വേഷണം നടത്താൻ കെ.എസ്.ആർ.ഡി.ബി. യിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഐ. പി. ഡി. സർക്കിൾ

LIBRARY ARCHIVES Kerala Legislative Assembly